പഞ്ചായത്തിൽ എത്ര ഭവനങ്ങൾ നിർമ്മിക്കും എന്നത് ഈ പഞ്ചായത്തിൽ നിന്നും അർഹതയുള്ള എത്ര അപേക്ഷകൾ ലഭിക്കും എന്നതിനെ ആശ്രയിച്ചിരിക്കും.

കിളിമാനൂരിൽ വീട് നഷ്ടപ്പെട്ട കുടുംബങ്ങൾ

836. [1812] ശ്രീമതി ഭാർഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പു മന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) കിളിമാനൂർ അസംബ്ലി നിയോജക മണ്ഡലത്തിൽ വീടു വെച്ച് കൊടുക്കാമെന്നു പറഞ്ഞ് ഉണ്ടാക്കിയിരുന്ന കുടിലുകൾ പൊളിച്ചു കളഞ്ഞതുമൂലം വീട് നഷ്ടപ്പെട്ട കുടുംബങ്ങൾ ഉണ്ടോ; ഉണ്ടെങ്കിൽ എത്ര?

(ബി) ഇതിന് ഉത്തരവാദിയായിട്ടുള്ളവർ ആരൊക്കെയാണ്;

(സി) ഇവരുടെ പേരിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഇവർക്ക് പകരം വീട് വെച്ചുകൊടുക്കുന്ന പരിപാടി ഏതു ഘട്ടംവരെയായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കിളിമാനൂർ അസംബ്ലി നിയോജക മണ്ഡലത്തിൽ വീടു വെച്ചുകൊടുക്കാമെന്നുപറഞ്ഞ് ഉണ്ടായിരുന്ന കുടിലുകൾ പൊളിച്ചു കളഞ്ഞതുമൂലം വീട് നഷ്ടപ്പെട്ട കുടുംബങ്ങൾ ഇല്ല.

(ബി, സി, ഡി) എ. വിഭാഗത്തിലുള്ള മറുപടിയുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

തൊഴിൽരഹിതരായ കശുവണ്ടി തൊഴിലാളികൾക്കും കർഷക തൊളിലാളികൾക്കും സൗജന്യ റേഷൻ

837 [1814] ശ്രീമതി. ഭാർഗവി തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) തൊഴിൽരഹിതരായ കശുവണ്ടി തൊഴിലാളികൾക്കും കർഷക തൊഴിലാളികൾക്കും സൗജന്യ റേഷൻ അനുവദിക്കുന്നതിനെ സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ഇവർക്ക് സൗജന്യ റേഷൻ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) സൗജന്യ റേഷൻ നൽകുന്നതിനെ സംബന്ധിച്ച് നിലവിലുള്ള ചട്ടങ്ങളനുസരിച്ച് തൊഴിൽരഹിതരായ കശുവണ്ടി തൊഴിലാളികൾക്കും കർഷകതൊഴിലാളികൾക്കും സൗജന്യ റേഷൻ അനുവദിക്കാൻ നിർവ്വാഹമില്ല.

LIBRARY ARCHIVES Kerala Legislative Assembly